ഭരണഭാഷ- മാതൃഭാഷ

## ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

സാന്നിദ്ധ്യം: SREELATHA E S

വിഷയം :- പൊതുവിദ്യാഭ്യാസം - അന്തർജില്ലാ സ്ഥലംമാറ്റം 2024-25 - ആലപ്പുഴ ജില്ല - എച്ച്എസ്ടി (ഫിസിക്കൽ സയൻസ്) - നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ. (അച്ചടി) നം. 36/91/ഉ.ഭ.പ.വ തീയതി. 02/12/1991
2) സ.ഉ. (അച്ചടി) നം. 42/2012/ഉ.ഭ.പ.വ. തീയതി. 23/08/2012
3) സ.ഉ. (അച്ചടി) നം. 05/2013/ഉ.ഭ.പ.വ. തീയതി. 06/02/2013
4) സർക്കുലർ നം. ഡിജിഇ/24296/24-എ1 തീയതി. 26/11/2024
5) സർക്കുലർ നം. ഡിജിഇ/20836/24-എ1 തീയതി. 27/12/2024
6) 11/02/2025ലെ ഇതേ നമ്പർ ഉത്തരവ്.
7) കത്ത് നം. ഡിജിഇ/20836/24-എ1 തീയതി. 27/03/2025

### ഉത്തരവ് നമ്പർ ഡിഡിഇഎഎൽപി/4848/23-എ2, തീയതി :28-03-2025

സംസ്ഥാനത്തെ സർക്കാർ അധ്യാപകരുടെ 2024-25 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി പരാമർശം (4),(5) സർക്കുലറുകൾ പ്രകാരം അപേക്ഷ ക്ഷണിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും യഥാസമയം മുൻഗണനാപ്പട്ടിക ഓൺലൈനായി തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പട്ടികയിലെ മുൻഗണന പാലിച്ച് താഴെ പറയുന്ന അധ്യാപകനെ ആലപ്പുഴ ജില്ലയിൽ എച്ച്എസ്ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | അധ്യാപകന്റെ പേരും ഔദ്യോഗിക മേൽവിലാസവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന വിദ്യാലയം | റിമാർക്സ് |
|---|---|---|---|
| 1 | ജിനു എൻ<br>എച്ച്എസ്ടി (ഫിസിക്കൽ സയൻസ്)<br>ജിവിഎച്ച്എസ്എസ്,<br>പറവണ്ണ,<br>മലപ്പുറം | ജിഎച്ച്എസ്എസ്, തണ്ണീർമുക്കം | ജനറൽ ടേൺ |

സ്ഥലംമാറ്റം ലഭിച്ച അധ്യാപകൻ ആലപ്പുഴ ജില്ലയിൽ എച്ച്എസ്ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ ഏറ്റവും ജൂനിയറായി മാത്രമേ എണ്ണപ്പെടുകയുള്ളൂ. ഇവ്വിധം സന്നദ്ധത രേഖപ്പെടുത്തിയ സത്യപ്രസ്താവന അധ്യാപകനിൽ നിന്നു വാങ്ങി പ്രഥമാധ്യാപിക സാക്ഷ്യപ്പെടുത്തി വിടുതലിനു മുൻപായി സേവനപുസ്തകത്തിൽ ചേർക്കാൻ ശ്രദ്ധിക്കണം.

പരാമർശം (7) അനുസരിച്ച് 2025 ഏപ്രിൽ 30നകം പുതിയ ലാവണത്തിൽ ജോലിയിൽ ചേരാൻ കഴിയുംവിധം വിടുതൽ നടപടികൾ ക്രമപ്പെടുത്തണം. പുതിയ ഇടത്ത് തുടർച്ചയായ ആദ്യമൂന്നു വർഷങ്ങളിലെ രണ്ടുവർഷസേവനം നിരീക്ഷണകാലമാണ്, ഇതു വിജയകരമായി പൂർത്തിയാക്കേണ്ടത് അനിവാര്യവും.

ഈയിനത്തിൽ ആറാം പരാമർശം പ്രകാരം തയ്യാറാക്കിയ, എന്നാൽ പ്രസിദ്ധപ്പെടുത്താതിരുന്ന നടപടി ഉത്തരവു റദ്ദാക്കുക കൂടി ചെയ്യുന്നു.

Signed by Sreelatha E S
Date: 28-03-2025 15:00:10

വിദ്യാഭ്യാസ ഉപഡയറക്ടർ

ആലപ്പുഴ

സ്വീകർത്താക്കൾ

1) ശ്രീ എൻ ജിനു, എച്ച്എസ്ടി (ഫിസിക്കൽ സയൻസ്), ജിവിഎച്ച്എസ്എസ്, പറവണ്ണ, മലപ്പുറം

2) പ്രഥമാദ്ധ്യാപിക, ജിവിഎച്ച്എസ്എസ്, പറവണ്ണ, മലപ്പുറം

3) പ്രഥമാദ്ധ്യാപിക, ജിഎച്ച്എസ്എസ്, തണ്ണീർമുക്കം

4) സൂക്ഷിപ്പ ഫയൽ